Lalith Babu

**Bought in lands ഭൂമി തിരികെ കൊടുക്കുന്നത് സംബന്ധിച്ച 2013 ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്**

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ. 181/13 /റവ. തിരുവനന്തപുരം, തീയതി: 03-05-2013.

---

പരാമർശം:- സ.ഉ. (എം.എസ്) നമ്പർ. 76/13 /റവ തീയതി 1-3-2013.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവിൽ ബോട്ട്-ഇൻ-ലാൻറ് തിരികെ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ ഖണ്ഡിക (ii) താഴെപ്പറയുന്ന വിധത്തിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ii) ഭൂമി സർക്കാർ വാങ്ങി (bought in) 2 വർഷത്തിന് ശേഷം 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് 25 സെൻറ് സ്ഥലം വരെ തിരികെ നല്കാവുന്നതാണ്. 2 വർഷത്തിന് ശേഷം 5 വർഷത്തിനകം കുടിശ്ശിക, പലിശ കളക്ഷൻ ചാർജ്ജ് എന്നിവ അടച്ചശേഷം അപേക്ഷിക്കുന്ന ഭൂരഹിതരായവർക്ക് 25 സെൻറിൽ കൂടുതൽ സ്ഥലം തിരികെ വേണമെന്നുണ്ടെങ്കിൽ, 25 സെൻറ് കഴിഞ്ഞ് വരുന്ന ഭൂമിക്ക് അതിൻെറ കമ്പോളവില കൂടി അടച്ചാൽ ആ വിധത്തിൽ പരമാവധി 75 സെൻറ് വരെ സ്ഥലം കൂടി (ആകെ പരമാവധി ഒരേക്കർവരെ) തിരികെ നൽകാവുന്നതാണ്."

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജി.കമലവർദ്ധന റാവു
സെക്രട്ടറി

1) ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം..
2) എല്ലാ ജില്ലാ കളക്ടർമാർക്കും.
3) അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.